# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/6956/2019-EB(1)

തിരുവനന്തപുരം, തീയതി,02.12.2019
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം : സഹകരണ വകുപ്പ് - ജീവനക്കാര്യം - 13 ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളതിനാൽ നിലവിലുള്ള വകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം : സഹകരണ സംഘം രജിസ്ട്രാറുടെ 29.11.2019 ലെ സി.ബി(5) 784/2019 നമ്പർ ഉത്തരവ്.

.........

കേരളത്തിലെ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ലയനത്തെ തുടർന്ന് പുതുതായി രൂപീകൃതമായ ബാങ്കിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി സാഹചര്യത്തിൽ 13 ജില്ലാ സഹകരണ ബാങ്കുകളിലും, സംസ്ഥാന സഹകരണ ബാങ്കിലും കെ.എസ്.ആർ. പാർട്ട് I റൂൾ 156 പ്രകാരം സേവനമനുഷ്ഠിച്ചുവരുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവരുടെ നിലവിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദ്ദേശം നൽകി ഉത്തരവാകുന്നു.

## ഉത്തരവ്

കേരളത്തിലെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും, സംസ്ഥാന സഹകരണ ബാങ്കിലും കെ.എസ്.ആർ. പാർട്ട് I റൂൾ 156 പ്രകാരം സേവനമനുഷ്ഠിച്ചുവരുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ വകുപ്പിൽ നിന്നും മറ്റു നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ നിലവിൽ നിർവ്വഹിച്ചുവരുന്ന ചുമതലകൾ തുടർന്നും നിർവ്വഹിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ടി ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്),
ഡോ. പി.കെ. ജയശ്രീ. ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ്:-

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

2) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5) എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും ജനറൽ മാനേജർമാർക്ക്
6) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)